"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിൽ ഓഫീസ് അറ്റൻഡന്റായി ജോലി നോക്കി വരവെ മരണമടഞ്ഞ വി.വി. ശ്യാംകിഷോറിന്റെ മകളായ ശ്രീമതി. ആവണി കിഷോറിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിനുണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (സർവ്വീസസ്-സി) വകുപ്പ്

സ.ഉ.(കൈ) നം.84/2024/GAD തീയതി,തിരുവനന്തപുരം, 25-07-2024

---

പരാമർശം:- ശ്രീമതി ആവണി കിഷോർ 03/06/2024-ൽ സമർപ്പിച്ച അപേക്ഷ.

**ഉത്തരവ്**

പൊതുഭരണ വകുപ്പിലെ ഓഫീസ് അറ്റൻഡന്റായി സേവനമനുഷ്ഠിച്ചുവരവെ മരണപ്പെട്ട വി.വി.ശ്യാം കിഷോറിന്റെ മകളായ ശ്രീമതി ആവണി കിഷോർ തനിക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഓഫീസ് അറ്റൻഡന്റായി ജോലി നൽകണമെന്ന് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം 7 വർഷം 9 മാസം 18 ദിവസമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 17/08/2014-ൽ V.V.ശ്യാംകിഷോർ കിഡ്നി സംബന്ധമായ അസുഖത്താൽ മരണപ്പെട്ടു ടിയാൻ മരണപ്പെടുന്ന സമയത്ത് അപേക്ഷകയായ ശ്രീമതി ആവണി കിഷോറിന് 18 വയസ്സ് പൂർത്തിയായിരുന്നു. ആയതിൻ പ്രകാരം 17/08/2016 നോ അതിനു മുൻപോ അപേക്ഷക പൂർണ്ണ വിവരങ്ങളും അനുബന്ധരേഖകളും മടങ്ങിയ അപേക്ഷ സമർപ്പിക്കേണ്ടതായിരുന്നു. അവകാശ തർക്കവും, കോടതി കേസും നിലനിന്നിരുന്നതിനാൽ 03/06/2024-നാണ് ശ്രീമതി ആവണി കിഷോർ പൂർണ്ണ രേഖകൾ സഹിതമുള്ള അപേക്ഷ സമർപ്പിച്ചിരിക്കുന്നത്.

(2) സർക്കാർ ഇക്കാര്യം പരിശോധിച്ചു ശ്രീമതി ആവണി കിഷോറിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിൽ 7 വർഷം 9 മാസം 18 ദിവസവും കാലതാമസം നേരിട്ടിട്ടുണ്ട്.

(3) മേൽ സാഹചര്യത്തിൽ, സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിൽ ഓഫീസ് അറ്റൻഡന്റായി ജോലി നോക്കി വരവെ മരണമടഞ്ഞ വി.വി. ശ്യാം കിഷോറിന്റെ മകളായ ശ്രീമതി ആവണി കിഷോറിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ

സമർപ്പിക്കുന്നതിനുണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

(1) ശ്രീമതി ആവണി കിഷോർ (D/o Late വി.വിശ്വ[illegible]കിഷോർ)
തെങ്ങും മൂട്ടമ്പിൽ പണയിൽ വീട്
റ്റി.സി.6/440, ഉറുവിക്കൽ (പി.ഒ.)
തിരുവനന്തപുരം,
(2) പൊതുഭരണ (എസ്.സി) വകുപ്പ്
(3) വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
(4) കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar V I
സെക്ഷൻ ഓഫീസർ
Date: 26-07-2024 10:46:51

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-07-2024

ഫയൽ നം. സർ.സി.1/129/2023/പൊ.ഭ.വ. ഇനം നം: 2294

വിഷയം : പൊതുഭരണ വകുപ്പ് - സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിൽ ഓഫീസ് അറ്റൻഡന്റായി ജോലി നോക്കി വരവെ മരണമടഞ്ഞ വി. വി. ശ്യാംകിഷോറിന്റെ മകളായ ശ്രീമതി. ആവണി കിഷോറിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സമർപ്പിച്ച അപേക്ഷയിലെ കാലതാമസം മാപ്പാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണ വകുപ്പ്.

25/7/24

2294

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | സർ.സി.1/129/2023/പൊ.ഭ.വ. |
| 2 | വകുപ്പ് | പൊതുഭരണ (സർവ്വീസസ്-സി)വകുപ്പ് |
| 3 | വിഷയം | പൊതുഭരണ വകുപ്പ് - സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിൽ ഓഫീസ് അറ്റൻഡന്റായി ജോലി നോക്കി വരവെ മരണമടഞ്ഞ വി.വി. ശ്യാംകിഷോറിന്റെ മകളായ ശ്രീമതി. ആവണി കിഷോറിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സമർപ്പിച്ച അപേക്ഷയിലെ കാലതാമസം മാപ്പാക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി: | 02/07/2024 |
| 5 | (1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>(2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രി സഭായോഗത്തിള്ള കുറിപ്പിൽ ഉൾക്കൊള്ളി ച്ചിട്ടുണ്ടോ ? | ഉണ്ട്<br>ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളി ച്ചിട്ടുണ്ടോ ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീമതി. ഷാർജബീവി കെ. |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. കെ.ആർ. ജ്യോതിലാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 17/07/2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വേണു വി. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 19/07/2024 |
| 12 | കുറിപ്പ് അംഗീകരിച്ച മുഖ്യ മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 22/07/2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 23/07/2024 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | 24/7/2024. |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | GO (M.S) 84/2024/GAD. 25<br>സ.ഉ.(കൈ) 84/2024/പൊ.ഭ.വ. 25/7/2024. |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

സെക്രട്ടറിയേറ്റ് പൊതുഭരണ വകുപ്പിൽ ഓഫീസ് അറ്റൻഡന്റായി ജോലി നോക്കിവരവെ മരണമടഞ്ഞ വി.വി.ശ്യാംകിഷോറിന്റെ മകളായ ശ്രീമതി. ആവണി കിഷോറിന് (Smt. Avani Kishore) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിനുണ്ടായ കാലതാമസം മാപ്പാക്കി നൽകുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

(2) സെക്രട്ടറിയേറ്റ് പൊതുഭരണ വകുപ്പിൽ ഓഫീസ് അറ്റൻഡന്റായി ജോലി നോക്കിവരവെ മരണമടഞ്ഞ വി.വി.ശ്യാംകിഷോറിന്റെ മകളായ ശ്രീമതി. ആവണി കിഷോറിന് (Smt. Avani Kishore) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതിന് 17/10/2014 തീയതിയിൽ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ സർക്കാർ പരിശോധിക്കുകയും ടി അപേക്ഷ നിശ്ചിത മാതൃകയിലാക്കി സർവ്വീസ് സർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, മറ്റ് അനന്തരവകാശികളിൽ നിന്നുള്ള സമ്മതപത്രം, വരുമാന സർട്ടിഫിക്കറ്റ്, ജനനതീയതി-വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം യഥാവിധി അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് ടിയാളെ 05/12/2014-ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ടായിരുന്നു.

(3) ഗവ: സെക്രട്ടറിയേറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലി ചെയ്തുവരികെ വി.വി. ശ്യാംകിഷോർ 17/08/2014-ൽ കിഡ്നി സംബന്ധമായ അസുഖത്താൽ മരണമടഞ്ഞതായി ടിയാന്റെ ഭാര്യയായ ശ്രീമതി.വി.സിന്ധു 05/06/2023-ൽ സമർപ്പിച്ച അപേക്ഷയിൽ വ്യക്തമാക്കിയിട്ടുണ്ട്. ടിയാൻ മരണമടഞ്ഞ സമയത്ത് 18 വയസ്സ് പൂർത്തിയായ ടിയാന്റെ മകൾ ശ്രീമതി. ആവണി കിഷോർ ഒന്നാം വർഷ ബി.ഫാം. വിദ്യാർത്ഥിനി ആയിരുന്നു. 05/12/2014-ലെ കത്ത് പ്രകാരം സർക്കാർ ആവശ്യപ്പെട്ടിരുന്ന രേഖകൾ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും ലഭ്യമാക്കി ഹാജരാക്കുന്നതിന് ശ്രമിച്ചപ്പോൾ, ശ്രീമതി.ലതിക കുമാരി എന്ന വ്യക്തി പ്രസ്തുത സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് തടസ്സം നിൽക്കുകയും തത്ഫലമായി ടിയാൾ തിരുവനന്തപുരം ജില്ല കുടുംബ കോടതിയിൽ OP No.205/2015 എന്ന നമ്പറിൽ കേസ് ഫയൽ ചെയ്യുകയുണ്ടായെന്നും മരണപ്പെട്ട ശ്യാം കിഷോറിന്റെ മുഴുവൻ സർവ്വീസ് ആനുകൂല്യങ്ങളും ലഭിക്കേണ്ടത് ടിയാന്റെ

വിധവയായ ശ്രീമതി. വി.സിന്ധു വിനും മകളായ ആവണി കിഷോറിനും ആണെന്നും 15/05/2023-ൽ ബഹു.കോടതി വിധി പ്രഖ്യാപിച്ചുവെന്നും ടിയാൾ അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിധിക്കെതിരെ ശ്രീമതി. എസ്.ലതികകുമാരി & അർച്ചനാ കിഷോർ എന്നിവർ അപ്പീൽ സമർപ്പിക്കുകയുണ്ടായി. ബഹു. ഹൈക്കോടതിയുടെ 12/12/2023 വിധിന്യായപ്രകാരം 06/12/2023-ലെ സെറ്റിൽമെന്റ് ഉടമ്പടിയുടെ പ്രസ്തുത അപ്പീൽ പെറ്റീഷൻ തീർപ്പാക്കി. പ്രസ്തുത സെറ്റിൽമെന്റ് ഉടമ്പടിയുടെ para 3 പ്രകാരം "On execution of the said release deed by the respondents as aforesaid the 2nd Appellant Archana Kishore will give no objection to the 2nd respondent Avani Kishore relinguishing her claim over the Government Job eligible to the legal representatives of Late V.V.Shyam Kishore by way of dying in harness scheme. The 2nd Appellant Archana Kishore shall withdraw all objections raised by her to the Government in this regard and also execute her no objection in all Government papers to enable the 2nd respondent Avani Kishore to avail the said Government Job.

(4) മേൽ സാഹചര്യത്തിൽ പ്രസ്തുത കേസിൽ വിധി വന്നതിനുശേഷം മാത്രമെ സർക്കാർ ആവശ്യപ്പെട്ടത് പ്രകാരമുള്ള രേഖകൾ സമർപ്പിക്കാൻ സാധിക്കുകയുള്ളു എന്നാണ് ആറാംക്ലാസ് പരിജ്ഞാനം മാത്രമുള്ള ടിയാൾ കരുതിയിരുന്നത്. മാത്രമല്ല ഒരു മകൾ മാത്രമുള്ള തനിക്ക് ഇത് സംബന്ധിച്ച് സെക്രട്ടറിയേറ്റിൽ ബന്ധപ്പെടാനോ മറ്റ് സഹായത്തിനോ ആരുംതന്നെ ഉണ്ടായിരുന്നില്ല. ആയതിനാലാണ് വിധി ലഭ്യമായ മുറയ്ക്ക് തന്റെ മകളുടെ ആശ്രിത നിയമനത്തിനുള്ള നിശ്ചിത ഫോറത്തിലുള്ള അപേക്ഷ സമർപ്പിച്ചത്. ഈ സാഹചര്യത്തിൽ അപേക്ഷ സമർപ്പിക്കാൻ വരുത്തിയ കാലതാമസം മനഃപൂർവ്വമല്ലെന്ന് ബോധിപ്പിക്കുന്നതോടൊപ്പം ആയത് മാപ്പാക്കി തന്റെ മകൾക്ക് എത്രയും വേഗം ഓഫീസ് അറ്റൻഡൻറ് തസ്തികയിൽ ആശ്രിത നിയമനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ടിയാൾ അഭ്യർത്ഥിച്ചിട്ടുണ്ട്.

(5) ഇക്കാര്യം 24/05/1999 ലെ സ.ഉ.(പി)നം.12/1999/ഉ.ഭ.പ.വ. എന്ന സർക്കാർ ഉത്തരവ് പ്രകാരം പരിശോധിച്ചു. 05/06/2023 അപേക്ഷയിലെ അപാകതകളും അവകാശതർക്കവും പരിഹരിച്ച് അനുബന്ധരേഖകൾ സഹിതം ഹാജരാക്കാൻ 08/05/2024-ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിൻപ്രകാരം

പൊതുഭരണ സെക്രട്ടറിയേറ്റിൽ ഓഫീസ് അറ്റൻഡന്റായി നിയമനം ലഭിക്കുന്നതിനായി ചുവടെ കാണുന്ന സർട്ടിഫിക്കറ്റുകൾ സഹിതം 03/06/2024-ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

1. Death Certificate
2. S.S.L.C Passed certificate
3. Income certificate
4. **സമ്മതമൊഴി**
5. **ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ പകർപ്പ്**
6. **അനന്തരാവകാശ സാക്ഷ്യപത്രം**
7. **സമ്മതപത്രം**
8. Affidavit

(6) ശ്രീമതി ആവണി കിഷോറിന്റെ ജനനത്തീയതി 16/07/1996 ആകുന്നു. വി.വി.ശ്യാം കിഷോർ 17/08/2014 നാണ് മരിച്ചത്. ടിയാൻ മരിക്കുന്ന സമയത്ത് ശ്രീമതി ആവണി കിഷോറിന് 18 (16/07/2014) വയസ്സ് തികഞ്ഞിരുന്നു. 12/12/2023-ലെ ബഹു. ഹൈക്കോടതി വിധിന്യായ പ്രകാരം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി യാതൊരു അവകാശവാദവും ഉന്നയിക്കുകയില്ലെന്ന് അറിയിച്ചുകൊണ്ടുള്ള ഒരു **No Objection Certificate** ശ്രീമതി അർച്ചനാ കിഷോർ സമർപ്പിച്ചിട്ടുണ്ട്. അവകാശതർക്കം നിലനിന്ന സാഹചര്യത്തിൽ ആയത് സംബന്ധമായി കോടതിയിൽ കേസ് നിലനിന്നിരുന്നതിനാലാണ് ശ്രീമതി ആവണി കിഷോറിന് 2014-ൽ ആശ്രിത നിയമനത്തിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം എല്ലാ അനുബന്ധരേഖകളും ഹാജരാക്കുവാൻ കഴിയാതിരുന്നത്. കോടതിവിധി ലഭ്യമായപ്പോൾതന്നെ താമസംവിനാ ടിയാരി അനുബന്ധരേഖകളോടൊപ്പം ആശ്രിത നിയമനത്തിനുള്ള അപേക്ഷയും സമർപ്പിച്ചിരിക്കുന്നത്.

(7) ബഹു. കുടുംബകോടതിയിലും ഹൈക്കോടതിയിലും നിലവിലുണ്ടായിരുന്ന അവകാശത്തർക്കം തീർപ്പാക്കുന്നതിലുണ്ടായ കാലതാമസം കാരണമാണ് ശ്യാം കിഷോറിന്റെ മകൾ ശ്രീമതി. ആവണി കിഷോർ ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടതെന്ന വസ്തുത പരിഗണിച്ച് ശ്രീമതി ആവണി കിഷോർ ആശ്രിതനിയമന വ്യവസ്ഥ പ്രകാരം സെക്രട്ടറിയേറ്റ് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ 7 വർഷം, 9 മാസം, 18 ദിവസത്തെ

കാലതാമസം മാപ്പാക്കിനൽകുന്ന കാര്യം ചീഫ് സെക്രട്ടറി മുഖേന ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ, മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക എന്ന് ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ടകാര്യം

പൊതുഭരണ വകുപ്പിലെ ഓഫീസ് അറ്റൻഡന്റായ വി.വി.ശ്യാംകിഷോർ സർവ്വീസിലിരിക്കെ മരണപ്പെട്ടതിനെ തുടർന്ന് ടിയാന്റെ മകൾ ശ്രീമതി ആവണി കിഷോർ തനിക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സെക്രട്ടറിയേറ്റ് പൊതുഭരണവകുപ്പിൽ ഓഫീസ് അറ്റൻഡന്റായി ജോലി ലഭിക്കുന്നതിന്, ബഹു. കുടുംബകോടതിയിലും ഹൈക്കോടതിയിലും നിലവിലുണ്ടായിരുന്ന അവകാശത്തർക്കം തീർപ്പാക്കുന്നതിലുണ്ടായ താമസം കാരണം അപേക്ഷ സമർപ്പിക്കുന്നതിനുണ്ടായ 7 വർഷം, 9 മാസം, 18 ദിവസത്തെ കാലതാമസം മാപ്പാക്കി നൽകാമോ?